(ബി) എത്ര എണ്ണം ശിക്ഷിച്ചിട്ടുണ്ട്; എത്ര എണ്ണം വിട്ടുപോയിട്ടുണ്ട്;

(സി) മദ്യനിരോധനനിയമം ലംഘിച്ചതിനു മദ്യനിരോധന ഉദ്യോഗസ്ഥന്മാർ തന്നെ കേസുകളിൽ ചാർജ്ജു് ചെയ്യപ്പെട്ടിട്ടുണ്ടോ?

(ഡി) ഉണ്ടെങ്കിൽ തിരുവിതാംകൂർ–കൊച്ചിയിൽ അങ്ങനെ ചാർജ്ജുചെയ്യപ്പെട്ടിട്ടുള്ളവർ എത്രപേർ; അവർ എവിടെയെല്ലാമാണു്?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 1954–55 വർഷത്തിൽ 194 കേസ്സുകളും, 1955–56–ൽ 15–8–55 വരെ 55 കേസ്സുകളും.

(ബി) 1954–55–ൽ 179 കേസ്സുകളും, 1955–1956ൽ 49 കേസ്സുകളും ശിക്ഷിച്ചിട്ടുണ്ടു്.

1954–55–ൽ ഒരു കേസും വിട്ടിട്ടില്ല. 1955–56–ൽ 15–8–53 വരെ 9 കേസുകൾ വിട്ടുപോയിട്ടുണ്ടു്.

(സി) ഉണ്ടു്.

(ഡി) നാലുപേർ. രണ്ടുപേർ തക്കല മേഞ്ചിലും, ഒരാൾ ഇരണിയൽ മേഞ്ചിലും മറ്റേയാൾ ചെങ്കോട്ട മേഞ്ചിലുമാണു്. ഇവരിൽ ഒരാൾ കാറക്കരനല്ലെന്നു തെളിഞ്ഞിട്ടുണ്ടു് രണ്ടുപേരുടെ കേസ്സു് വിചാരണയിലിരിക്കുകയാണു്. ഒരാൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടു്.

ടാർ ചെയ്ത റോഡുകൾ.

* 586. [44] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് ഇപ്പോൾ എത്ര റോഡുകൾ ടാർ ചെയ്തുകൊണ്ടിരിക്കുന്നുണ്ടു്;

(ബി) ഏതെല്ലാം;

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. വി. വേലായുധൻ):

(എ) 23.

(ബി) † ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

പാൽ, അരി വിതരണം.

* 587. [45] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനായി എത്ര കേന്ദ്രങ്ങളിൽ പാൽ വിതരണവും, അരിവിതരണവും നടത്തുന്നുണ്ടു്;

(ബി) 1953–54 വർഷത്തിൽ എത്ര പാൽപ്പൊടിയും, എത്ര അരിയും വിതരണം ചെയ്തിട്ടുണ്ടു്;

(സി) ഈ വിതരണത്തിന്റെ മേൽനോട്ടം വഹിക്കുന്നതാരാണു്;

(ഡി) ഈ ഇനത്തിൽ എത്ര രൂപ ചെലവായി?

† Please see Appendix No. VI.

LIBRARY ARCHIVES Kerala Legislative Assembly